ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
DIOCESE OF MANDYA
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382
Bengaluru Office: Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

Ref.M/BP/LFB/5.2023-M May 24, 2023

# വിശ്വാസ പരിശീലനത്തിന് തുടക്കം കുറിക്കാം, ക്രിസ്തു നമ്മിൽ രൂപപ്പെടട്ടെ

ഈശോയിൽ പ്രിയ വത്സലമക്കളേ,

വിജാതീയരുടെ അപ്പസ്തോലനായ പൗലോസ് ശ്ലീഹാ, ഒരു പ്രസംഗകനോ സുവിശേഷപ്രചാരകനോ മാത്രമായിരുന്നില്ല. അദ്ദേഹം ഒരു കവിയും എഴുത്തുകാരനുമായിരുന്നു. കാവ്യാത്മകമായ ഭാഷയിൽ അമ്മസ്നേഹത്തിന്റെ നറുംപാലിൽ ചേർത്താണ് സുവിശേഷം അദ്ദേഹത്തിന്റെ ചുണ്ടിൽനിന്നും വന്നത്. അതിൽതന്നെ സ്നേഹത്തിന്റെ സുഗന്ധം പരത്തുന്ന ഒരു ജീവിതയാഥാർത്ഥ്യത്തെ എടുത്ത് സുവി ശേഷഭാഷയിലേക്ക് രൂപപ്പെടുത്തി, ഒരു അമ്മയുടെ ഉദരത്തിൽ കുഞ്ഞു രൂപപ്പെടുന്നതുപോലെ ക്രിസ്തു നിങ്ങളിൽ രൂപപ്പെടട്ടെ. ഇതിനേക്കാൾ മനോഹരമായി ക്രിസ്തീയ ആദ്ധ്യാത്മികത ആർക്ക് പറഞ്ഞു തരുവാനാകും?

പുതിയ വിശ്വാസപരിശീലനവർഷം നാം ആരംഭിക്കുകയാണ്. കുർബാന കഴിഞ്ഞ് കുരുന്നുകൾ ഒരുമിച്ചുകൂടി തങ്ങളുടെ നാഥനും രക്ഷകനുമായ ഈശോയെക്കുറിച്ച് അറിയുവാനും ക്രിസ്തുവിൽ വളരുവാനും നടത്തുന്ന ഒരു ചെറിയ പരിശ്രമം. മാമ്മോദീസായിലൂടെ, സ്ഥൈര്യലേപനത്തിലൂടെ, കുമ്പസാരത്തിലൂടെ, പരിശുദ്ധ കുർബാനയിലൂടെ അവർക്ക് നൽകപ്പെട്ടതായ വിശ്വാസത്തിന്റെ തീക്കനൽ വിശ്വാസപരിശീന അദ്ധ്യാപകർ ഊതി കത്തിക്കുന്ന സമയം. സഭയെ സംബന്ധിച്ചിടത്തോളം വീണ്ടും ഒരു വിശ്വാസവസന്തത്തിന്റെ മുഹൂർത്തം. നമുക്ക് വിശ്വാസം പകർന്നുതന്ന മാർ തോമാശ്ലീഹായെയും, രക്തസാക്ഷികളെയും നമ്മുടെ അധ്യാപകരെയും വൈദികരെയും സമർപ്പിതരെയും നമ്മുടെ മാതാപിതാക്കന്മാരെയും നമുക്ക് ആദരവോടെ ഓർക്കാം.

മാതാപിതാക്കന്മാരാണ് കുരുന്നുകളുടെ പ്രാഥമിക പരിശീലകർ. നിങ്ങളെ കണ്ടും കേട്ടും സ്പർശിച്ചും നടന്നുമാണ് അവർ വിശ്വാസത്തിൽ വളരുക. അവരെ ദിവ്യബലിയിലേക്ക് കൊണ്ടുവരിക; വിശ്വാസപരിശീലനത്തെക്കുറിച്ച് നന്മയായി സംസാരിക്കുക; അവർ കേട്ട കാര്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതെല്ലാം ഈ യാത്രയിലെ പ്രധാനപ്പെട്ട കടമകളാണ്. ദൈവവചനം ഉറക്കെ വായിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കണം. സങ്കീർത്തനങ്ങൾ കാണാതെ ചൊല്ലുവാൻ അവരെ പരിശീലിപ്പിക്കണം. മാതാവിനോട് ഭക്തിയുള്ളവരായിരിക്കുവാൻ അവരെ നിരന്തരമായി ഒരുക്കണം.

കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ നിർണ്ണായകമായ ഒരു പങ്കുള്ളവരാണ് ഇടവകവൈദികരും, സമർപ്പിതരും. നിങ്ങളുടെ ചലനങ്ങൾ അവർ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്. നിങ്ങളുടെ മുഖത്തെ ഭാവങ്ങൾ അവരെ സന്തോഷിപ്പിക്കുകയോ സങ്കടപ്പെടുത്തുകയോ ചെയ്യും. വൈദികർ അൾത്താരയിൽനിന്ന് ബലിയർപ്പിക്കുമ്പോൾ വളരെ സാകൂതമാണ് കുട്ടികൾ അവർക്ക് നൽകുന്ന ശ്രദ്ധ. ചുരുക്കത്തിൽ കുട്ടികളുടെ വിഗ്രഹങ്ങളാണ് (Icons) വൈദികരും സമർപ്പിതരും. ഈശോനാഥൻ കുഞ്ഞുങ്ങളെ കണ്ടതുപോലെ അവരെ കാണുവാൻ നമ്മൾ പരിശ്രമിക്കണം. അവർക്ക് അപമാനമാകുന്ന ഒന്നും, നല്ല ലക്ഷ്യത്തിനുവേണ്ടിയാണെങ്കിൽ കൂടി, ചെയ്യാതിരിക്കുവാൻ നാം നിരന്തരം ജാഗ്രത പുലർത്തണം.

മണ്ഡ്യരൂപതയിലെ മതാദ്ധ്യാപകരെക്കുറിച്ച് ഓർക്കുമ്പോൾ ഞാൻ നിരന്തരമായി ദൈവത്തിന് നന്ദിപറയുന്നു. അവർ പങ്കെടുക്കേണ്ടതായ പല പ്രധാനപ്പെട്ട പരിപാടികളും മാറ്റിവച്ച് എല്ലാ ഞായറാഴ്ചകളിലും ബലിയിൽ പങ്കെടുക്കുന്നതും കുട്ടികൾക്ക് വിശ്വാസപരിശീലനം പകർന്നു നൽകുന്നതും ഞാൻ വാത്സല്യത്തോടെ വിലമതിക്കുന്നു. അവരിലൂടെയാണ് ദൈവം നൽകിയ വെളിപാടുകൾ കഥകളായി, ഉപമകളായി, ഡാൻസുകളായി, പാട്ടുകളായി കുട്ടികളിലെത്തുന്നത്. അവരെ നിരുപാധികം സ്നേഹിക്കുന്ന, തെറ്റുകളുടെ കണക്കുകൾ സൂക്ഷിച്ചു വയ്ക്കാത്ത, അവർ ഉപേക്ഷിച്ചാലും അവരെ ഒരിക്കലും ഉപേക്ഷിക്കാത്ത സ്നേഹനിധിയായ അപ്പന്റെ/അമ്മയുടെ ഒരു ചിത്രമായിരിക്കണം മതാധ്യാപകർ കുട്ടികൾക്കുവേണ്ടി വരച്ച് കാട്ടേണ്ടത്. കൊടുക്കുന്നതിനേക്കാൾ കൂടുതൽ നൽകപ്പെടുന്ന വിശ്വാസപരിശീലനത്തിന്റെ അവർണ്ണനീയമായ നിയോഗം ഏറ്റെടുത്തിരിക്കുന്ന വിശ്വാസപരിശീലകർ

ಮಂಡ್ಯ ಧರ್ಮಕ್ಷೇತ್ರ
**DIOCESE OF MANDYA**
Bishop's House, Kalenahalli P.O – 571 402, Mandya District, Karnataka, India
Phone: +91 7338657382

**Bengaluru Office:** Regional Pastoral Centre, Santhome Church, Hulimavu, Bannerghtta Road, Bengaluru – 560 076, Karnataka, India

നാളെയുടെ വിശ്വാസപ്രതിഭകളെയാണ് വാർത്തെടുക്കുന്നത്.

വളരെ ക്രിയാത്മകമായി ചിന്തിക്കുകയും അടിസ്ഥാനപരമായ മാറ്റങ്ങൾ ഓരോ വർഷത്തിലെയും പ്രവർത്തനരീതികളിൽ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുകയും നിരന്തരം അദ്ധ്വാനിച്ചുകൊണ്ടിരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിശ്വാസപരിശീലന കേന്ദ്രം മണ്ഡ്യ രൂപതയ്ക്കുള്ളത് ഒരു ദൈവാനുഗ്രഹവും കൃപയുമായി ഞാൻ കാണുന്നു. കുറെ വിശ്വാസസത്യങ്ങൾ ഉരുവിടുന്നതിനേക്കാൾ അധികമായി, ക്രിസ്തു അനുഭവത്തിന്റെ ആഴങ്ങളിലേക്ക് കുട്ടികളെ നയിക്കുവാനും ദൈവവചനത്തിന്റെ അഭിഷേകാഗ്നിയെക്കുറിച്ച് കുട്ടികളെ ബോധ്യപ്പെടുത്തുവാനും നിരന്തരം ഒരുങ്ങിക്കൊണ്ടിരിക്കുന്ന ഒരു വിശ്വാസപരിശീലനകേന്ദ്രമാണ് മണ്ഡ്യയുടേത്. വളരെ നിശബ്ദമായി, എന്നാൽ പൂർണ്ണമായ കാര്യക്ഷമതയോടെ വർഷത്തിലെ എല്ലാ മാസങ്ങളിലും നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സെൻട്രൽ ടീമിന് രൂപതയുടെ നാമത്തിൽ യേശുക്രിസ്തുവിൽ നന്ദിപറയുന്നു.

ഒരു യാചകൻ തനിക്ക് എവിടെയാണ് ആഹാരം ലഭിച്ചതെന്ന് മറ്റൊരു യാചകനോട് പറഞ്ഞു കൊടുക്കുന്ന ഉദാത്തമായ പങ്കുവയ്ക്കലാണ് വിശ്വാസപരിശീലനം. അതുകൊണ്ടുതന്നെ ജീവിത്തിലുടനീളം തുടരേണ്ട ഒരു യാത്രയുടെ പേരാണ് വിശ്വാസ പരിശീലനം. മണ്ഡ്യ രൂപതയുടെ പ്രത്യേകമായ സാഹചര്യത്തിൽ, വിശ്വാസപരിശീലനത്തിലൂടെ കടന്നുപോകുന്ന തങ്ങളുടെ മക്കൾക്കുവേണ്ടി ദേവാലയത്തിലും പരിസരങ്ങളിലും കാത്തുനിൽക്കുന്ന മാതാപിതാക്കൾക്കുവേണ്ടി തുടർപരിശീലന പദ്ധതികൾ നടപ്പിലാക്കുവാൻ നമുക്ക് പരിശ്രമിക്കാം. വിശ്വാസജീവിതത്തിൽ, മാതാപിതാക്കളും, ജേഷ്ഠസഹോദരീസഹോദരങ്ങളും നേരിടുന്ന സങ്കീർണ്ണമായ വിശ്വാസപ്രതിസന്ധികളെ അവലോകനം ചെയ്യുവാനും അവയെ മനസ്സിലാക്കുവാനും സുവിശേഷത്തിന്റെ കണ്ണുകളിലൂടെ അവയ്ക്ക് ഉചിതമായ ഉത്തരങ്ങൾ കണ്ടെത്തുവാനും മാതാപിതാക്കന്മാരെ നമുക്ക് സഹായിക്കാം. ചില ഇടവകകളിലെങ്കിലും ഈ ദൗത്യം സുന്ദരമായി നടത്തപ്പെടുന്നതായി അറിയാം. 2023ൽ എല്ലാ ഇടവകകളിലേക്കും ഇത് വ്യാപിപ്പിക്കണം. ഇത് നടത്തുവാനുള്ള അറിവ് ലഭിച്ച ഒത്തിരിയേറെ ആളുകൾ മിക്കവാറും ഇടവകകളിലുള്ളതായി ഞാൻ മനസ്സിലാക്കുന്നു.

ക്രൂശിതനായ ക്രിസ്തു എന്നത് നമ്മുടെ ഏറ്റവും വലിയ സാദ്ധ്യതയാണ്. ദൈവം നമുക്ക് ജീവിതം നൽകിയിരിക്കുന്നത് ക്രിസ്തുവിനെ ഹൃദയത്തിൽ ആരാധിക്കുവാനും ക്രിസ്തുവിങ്കലേക്ക് വളരുവാനുമാണ്. നിരന്തരമായ വിശ്വാസപരിശീലനത്തിലൂടെ നമ്മുടെ ഹൃദയവയലുകൾ നമുക്ക് ഒരുക്കാം. ക്രിസ്തുനിരന്തരമായി നമ്മളിൽ രൂപപ്പെട്ടു വരട്ടെ. ജീവിതത്തിൽ എനിക്ക് എന്തായി തീരാം എന്നു ചിന്തിക്കുമ്പോൾ അതിനുള്ള വലിയ ഉത്തരം, എനിക്ക് ക്രിസ്തുമനസ്സുള്ളവരായിത്തീരുവാൻ സാധിക്കും എന്നുള്ളതാണ്. കരുതലിന്റെ വർഷത്തിൽ വിശ്വാസപരിശീലനത്തിലൂടെ കടന്നുപോകുന്ന എല്ലാവരും ഏറ്റെടുക്കേണ്ട കർമ്മപരിപാടികൾ ഈ മാസം പ്ലാൻ ചെയ്യുമല്ലോ. ക്രിസ്തീയവിശ്വാസം അപരനെക്കുറിച്ചുള്ള കരുതലാകുമ്പോഴാണ് അത് അടിയുറച്ചതും ആഴമുള്ളതുമായി തീരുക. ചെറിയ ചെറിയ കാര്യങ്ങളെക്കുറിച്ചാണ് സുവിശേഷം നമ്മോട് സംസാരിക്കുവാൻ പരിശ്രമിക്കുക. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുന്നവർ വലിയ കാര്യങ്ങളിലും വിശ്വസ്തരായിരിക്കുമല്ലോ.

മണ്ഡ്യ രൂപതയിലെ എല്ലാ കുരുന്നുകളെയും ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിച്ചുകൊണ്ട്,

വാത്സല്യത്തോടെ,

സെബാസ്റ്റ്യൻ പിതാവ്

**ഈ ഇടയലേഖനം മതബോധനക്ലാസ്സുകൾ ആരംഭിക്കുന്ന ജൂൺ 4 ഞായറാഴ്ച എല്ലാ പള്ളികളിലും വായിക്കുമല്ലോ.**

Website: www.mandyadiocese.org | email: dioceseofmandya@gmail.com, sebaady@gmail.com